**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2471** **07-07-2022 - ൽ മറുപടിയ്ക്ക്**

**2020-ലെ അസെന്റ് പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ 2020-ൽ കൊച്ചിയിൽ സംഘടിപ്പിച്ച അസെന്റ് പ്രോഗ്രാം മുഖേന എത്ര തുകയുടെ നിക്ഷേപം കേരളത്തിനു ലഭിച്ചു; ഇവയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | അസെന്റ് 2020 ആഗോള നിക്ഷേപ സമ്മേളനത്തിൽ സർക്കാർ / സർക്കാരിൻ കീഴിലുള്ള സ്ഥാപനങ്ങൾ 165 പദ്ധതികളിലായി ആകെ 35,332.33/- കോടി രൂപയുടെ ധാരണാപത്രങ്ങൾ / താൽപര്യപത്രങ്ങളാണ് ഒപ്പുവച്ചിരുന്നത്. ഇതിൽ കെ.എസ്.എെ.ഡി.സിയുമായി ബന്ധപ്പെട്ട് 151 പദ്ധതികളിലായി 33,301.94 കോടി രൂപയുടെയും കിൻഫ്ര-യുമായി ബന്ധപ്പെട്ട് 14 പദ്ധതികളിലായി 2030.39കോടി രൂപയുടെയും ധാരണാപത്രങ്ങൾ/ താൽപര്യപത്രങ്ങളാണ് ഒപ്പുവച്ചിരുന്നു. ഇതിൽ 1858.58 കോടി രൂപയുടെ 37 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 9345.40 കോടി രൂപയുടെ 53 പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ഇതുവരെ നടപ്പിലാക്കിയ 31 പദ്ധതികളിലുമായി ഏകദേശം 2500 ഓളം സ്ഥിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്നും 7000 ഓളം പേർക്ക് പരോക്ഷമായി തൊഴിൽ ലഭിച്ചുവെന്നും കണക്കുകൂട്ടുന്നു. ഭക്ഷ്യസംസ്കരണം, ആരോഗ്യം, വിവര സാങ്കേതിക വിദ്യ, വസ്ത്രനിർമ്മാണം, എൻജിനിയറിങ്, നിർമ്മാണ മേഖല, മാലിന്യ സംസ്കരണം, നാളികേര മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം എന്നീ മേഖലകളിലാണ് തൊഴിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. |
| (ബി) | ഇതുമൂലം എത്ര പേർക്ക കൂടുതലായി ഏതെല്ലാം മേഖലകളിൽ തൊഴിൽ ലഭിച്ചു; | (ബി) | അസെന്റ് 2020 ആഗോള നിക്ഷേപ സമ്മേളനത്തിൽ സർക്കാർ / സർക്കാരിൻ കീഴിലുള്ള സ്ഥാപനങ്ങൾ 165 പദ്ധതികളിലായി ആകെ 35,332.33/- കോടി രൂപയുടെ ധാരണാപത്രങ്ങൾ / താൽപര്യപത്രങ്ങളാണ് ഒപ്പുവച്ചിരുന്നത്. ഇതിൽ കെ.എസ്.എെ.ഡി.സിയുമായി ബന്ധപ്പെട്ട് 151 പദ്ധതികളിലായി 33,301.94 കോടി രൂപയുടെയും കിൻഫ്ര-യുമായി ബന്ധപ്പെട്ട് 14 പദ്ധതികളിലായി 2030.39കോടി രൂപയുടെയും ധാരണാപത്രങ്ങൾ/ |

| | | | |
|---|---|---|---|
| | | | താൽപര്യപത്രങ്ങളാണ് ഒപ്പുവച്ചിരുന്നു. ഇതിൽ 1858.58 കോടി രൂപയുടെ 37 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 9345.40 കോടി രൂപയുടെ 53 പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ഇതുവരെ നടപ്പിലാക്കിയ 31 പദ്ധതികളിലുമായി ഏകദേശം 2500 ഓളം സ്ഥിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്നും 7000 ഓളം പേർക്ക് പരോക്ഷമായി തൊഴിൽ ലഭിച്ചുവെന്നും കണക്കുകൂട്ടുന്നു. ഭക്ഷ്യസംസ്കരണം, ആരോഗ്യം, വിവര സാങ്കേതിക വിദ്യ, വസ്ത്രനിർമ്മാണം, എൻജിനിയറിങ്, നിർമ്മാണ മേഖല, മാലിന്യ സംസ്കരണം, നാളികേര മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം എന്നീ മേഖലകളിലാണ് തൊഴിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. |
| (സി) | നിലവിലുള്ള വ്യവസായിക അടിത്തറ ശക്തിപ്പെടുത്തുന്നതിനും നിക്ഷേപം, തൊഴിൽ എന്നിവ വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തിന്റെ വ്യാവസായിക അടിത്തറ ശക്തിപ്പെടുത്തുന്നതിനും, വ്യവസായ മേഖലയുടെ വളർച്ചയ്ക്കും, നിക്ഷേപ-തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി വ്യവസായ സൗഹൃദമായ ഒട്ടേറെ നിയമനിർമ്മാണങ്ങളും നിയമ പരിഷ്കരണങ്ങളുമുൾപ്പെടെ ഒട്ടനവധി പദ്ധതികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ചിരുന്നു. വ്യാവസായിക അനുമതിക്ക് വേണ്ടി അപേക്ഷ സമർപ്പിച്ച് പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംരംഭകർക്ക് കെ.എസ്.എെ.ഡി.സി, കിൻഫ്ര മുതലായ ഏജൻസികൾ മുഖേന അടിസ്ഥാന സൗകര്യങ്ങളും, വിവിധ വായ്പ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ ഒഴിവാക്കാനും, കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള നടപടികൾ സർക്കാർ തുടങ്ങിയിട്ടുണ്ട്.സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനും വേണ്ടി നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് കിൻഫ്രയുടെ കീഴിൽ, കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി, പെട്രോകെമിക്കൽ പാർക്ക്, കൊച്ചി ഇലക്ട്രോണിക് |

| | | | |
|---|---|---|---|
| | | | മാനുഫാസ്റ്ററിങ് ക്ലസ്റ്റർ, കാക്കനാട്, കൊച്ചി, സ്പൈസസ് പാർക്ക്, ഇടുക്കി, ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം, കഴക്കൂട്ടം കിൻഫ്ര ഫിലിം ആൻറ് വീഡിയോ പാർക്കിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി - രണ്ടാംഘട്ടം, എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ